"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റുന്നതിന് ശ്രീമതി മാഷിതയിൽ നിന്നും അധികമായി ഈടാക്കിയ തുക റീഫണ്ട് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2978/2024/RD തീയതി,തിരുവനന്തപുരം, 11-12-2024

---

പരാമർശം:- 1. കോഴിക്കോട് സബ് കളക്ടറുടെ 29-06-2024-ലെ RDOKKD/1689/2019-C1 നമ്പർ നടപടിക്രമം

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ17.07.2024 - ലെ LR/13122/2022-LR(A1) നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് സബ് കളക്ടറുടെ പരാമർശം(1)-ലെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിൽ, താമരശ്ശേരി താലൂക്കിൽ, രാരോത്ത് വില്ലേജിൽ സർവ്വേ നമ്പർ 15-ൽ ഉൾപ്പെട്ട 39.89 ആർസ് ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനായി ശ്രീമതി മാഷിത, വട്ടക്കണ്ടി എന്ന വ്യക്തിയിൽ നിന്നും അധികമായി ഈടാക്കിയ 1,03,480/- രൂപ (ഒരു ലക്ഷത്തി മൂവായിരത്തി നാന്നൂറ്റിയെൺപത് രൂപ മാത്രം), റീഫണ്ട് അനുവദിച്ച് ഉത്തരവാകുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

2. ശ്രീമതി മാഷിത, വട്ടക്കണ്ടി, താജംസ്, തലക്കുളത്തൂർ, കോഴിക്കോട് എന്നയാളുടെ ഉടമസ്ഥതയിലുള്ള താമരശ്ശേരി താലൂക്കിലെ രാരോത്ത് വില്ലേജിലെ റീ സർവ്വെ നമ്പർ 15-ൽപ്പെട്ട 39.89 ആർസ് ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായി, കോഴിക്കോട് സബ് കളക്ടർക്ക് നല്കിയ അപേക്ഷ പരിഗണിച്ച്, അപേക്ഷാഭൂമിയുടെ 10% വിസ്തീർണ്ണമായ 3.98 ആർസ് തണ്ണീർത്തടമായി നിലനിർത്തി ശേഷിക്കുന്ന 35.91 ആർസ് ഭൂമിക്ക് തരംമാറ്റം അനുവദിച്ചുകൊണ്ട് 05.01.2021-ൽ ഉത്തരവായിട്ടുള്ളതാണ്. അപേക്ഷകയുടെ 39.89 ആർ ഭൂമിയുടെ ന്യായവിലയായ 10,37,140/- (പത്ത് ലക്ഷത്തി മുപ്പത്തിയേഴായിരത്തി ഒരുന്നൂറ്റിനാൽപത് രൂപ) രൂപയും, അപേക്ഷാഭൂമിയിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം 8996.55 ചതുരശ്ര അടിയായതിനാൽ, 3000 ചതുരശ്ര്യയടിയിൽ അധികരിച്ചു വരുന്ന 5996.55 ചതുരശ്ര്യയടിക്ക് 100 രൂപ നിരക്കിൽ 5,99,665 (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി അറുന്നൂറ്റിയറുപത്തിയഞ്ച് രൂപ)

രൂപയും ഉൾപ്പെടെ, ആകെ 16,36,795/- (പതിനാറ് ലക്ഷത്തി മുപ്പത്തിയാറായിരത്തി എഴുന്നൂറ്റിതൊണ്ണൂറ്റിയഞ്ച് രൂപ) രൂപയാണ് ഫീസിനത്തിൽ ഈടാക്കിയത്. ഇപ്രകാരം ഫീസ് ഈടാക്കിയപ്പോൾ, ജലസംരക്ഷണത്തിനായി മാറ്റിവെച്ച 3.98 ആർസ് ഭൂമിയുടെ വിലയായി അപേക്ഷകയിൽ നിന്നും 1,03,480/- രൂപ അധികമായി ഈടാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടതിനാൽ, പ്രസ്തുത തുക തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുള്ളത്.

3. മേൽ വിഷയം സർക്കാർ പരിശോധിച്ചു. കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുമ്പോൾ ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികരിക്കുന്നപക്ഷം അപ്രകാരമുള്ള ഭൂമിയുടെ പത്ത് ശതമാനം ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി നീക്കി വയ്ക്കേണ്ടതാണ്. ജല സംരക്ഷണത്തിനായി മാറ്റി വയ്ക്കേണ്ടുന്ന ഭൂമിക്ക് യാതൊരു കാരണവശാലും സ്വഭാവവ്യതിയാനത്തിന് അനുമതി നൽകുന്നില്ല എന്നതിനാൽ സ്വഭാവ വ്യതിയാനത്തിനായുള്ള ഫീസ് ഈടാക്കേണ്ടതില്ല.

4. മേൽ സാഹചര്യത്തിൽ, കോഴിക്കോട് ജില്ലയിൽ, താമരശ്ശേരി താലൂക്കിൽ, രാരോത്ത് വില്ലേജിൽ റീസർവ്വേ നമ്പർ 15-ൽ ഉൾപ്പെട്ട 39.89 ആർ ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായുള്ള അപേക്ഷ പരിഗണിച്ച് ഫീസ് ഈടാക്കിയപ്പോൾ, നിയമ പ്രകാരം ജലസംരക്ഷണത്തിനായി നീക്കി വെച്ച 3.98 ആർസ് ഭൂമിക്ക് കൂടി തെറ്റായി ഫീസ് ഈടാക്കിയത് മൂലം, അധികമായി അടവാക്കിയിട്ടുള്ള 1,03,480/- (ഒരു ലക്ഷത്തി മൂവായിരത്തി നാന്നൂറ്റിയെൺപത് രൂപ മാത്രം) രൂപ അപക്ഷകയ്ക്ക് തിരികെ നൽകുന്നതിന് കോഴിക്കോട് സബ് കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5. പ്രസ്തുത തുക അപേക്ഷകയ്ക്ക് തിരികെ നൽകുന്നതിന് മുമ്പുതന്നെ ഡാറ്റാബാങ്കിൽ ഉൾപ്പെട്ട പ്രസ്തുത 3.98 ആർസ് ഭൂമി ജല സംരക്ഷണ നടപടികൾക്കായി മാറ്റിവയ്ക്കുന്നതിനും, പ്രസ്തുത ഭൂമിക്ക് പ്രത്യേക സബ് ഡിവിഷൻ നമ്പർ നൽകി ആയത് റവന്യൂ രേഖകളിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിവരം കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസർ/സബ്-കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHAHANSHA A

അണ്ടർ സെക്രട്ടറി

ശ്രീമതി മാഷിത വട്ടക്കണ്ടി, താജംസ്, തലക്കുളത്തൂർ, കോഴിക്കോട്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോഴിക്കോട്

റവന്യൂ ഡിവിഷണൽ ഓഫീസർ, കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്),തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ)വകുപ്പ്

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി(ഫയൽ നം. REV-P1/645/2024-REV)

ഉത്തരവിൻ പ്രകാരം

Signed by

Jayalekshmi A C

Date: 11-12-2024 15:32:37

സെക്ഷൻ ഓഫീസർ